"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം - ശ്രീ.ഉണ്ണിരാജ് കെ.കെ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2316/2026/H&FWD തീയതി,തിരുവനന്തപുരം, 16-07-2026

---

പരാമർശം:-

1. ശ്രീ. ഉണ്ണിരാജ് കെ.കെ. 15.02.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.06.2024 തീയതയിലെ MR4/738462/2024/ആ.വ.ഡ നം. കത്ത്.
3. സ.ഉ.(അച്ചടി)നം.100/2024/ധന തീയതി 22/11/2024

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ഉണ്ണിരാജ് കെ.കെ., തന്റെ മകളുടെ ചികിത്സയ്ക്കായി തിരുവനന്തപുരം കിംസ് ഹെൽത്ത് ആശുപത്രിയിൽ 01.08.2023 മുതൽ 11.11.2023 വരെ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പ്രത്യേക അനുമതിക്കായി പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയിരുന്നു. ചികിത്സയുമായി ബന്ധപ്പെട്ട ബില്ലുകളും അനുബന്ധ രേഖകളും പരിശോധിച്ച ആരോഗ്യ വകുപ്പ് ഡയറക്ടർ, ചെലവായ തുകയിൽ ₹2,17,136/- (രണ്ടുലക്ഷത്തി പതിനേഴായിരത്തി ഒരുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) അനുവദനീയമാണെന്ന് അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. ഉണ്ണിരാജ് കെ.കെ., തന്റെ മകളുടെ ചികിത്സയ്ക്കായി 01.08.2023 മുതൽ 11.11.2023 വരെ തിരുവനന്തപുരം കിംസ് ഹെൽത്ത് ആശുപത്രിയിൽ ചെലവായ തുകയിൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച ₹2,17,136/- രൂപയുടെ 80 ശതമാനമായ

**₹1,73,709/-** (ഒരു ലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുന്നൂറ്റി ഒൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന്, പരാമർശം (3) ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ് ജുള ജി
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും സഹിതം)

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, കല്ലറ, തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീ. ഉണ്ണിരാജ് കെ.കെ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, സാമൂഹികാരോഗ്യ കേന്ദ്രം, കല്ലറ, തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C2/213/2024-HEALTH)

ഉത്തരവിൻ പ്രകാരം,

Digitally signed by
Smitha K P
Date: 16-07-2026
14:17:51
സെക്ഷൻ ഓഫീസർ